"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോതമംഗലം താലൂക്കിലെ പട്ടയ വിതരണത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത പ്രകാരം 17 തസ്തികകൾ ഒരു വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.65/2024/RD തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. 02/06/2020 തീയതിയിലെ സ.ഉ.(സാധാ)2020/2020/റവ. നമ്പർ ഉത്തരവ്
2. എറണാകുളം ജില്ലാ കളക്ടറുടെ 11/1/2022, 23/11/2023 എന്നീ തീയതികളിലെ DCEKM/7464/2022-L1 നമ്പർ കത്ത്.
3. 04/11/2023 തീയതിയിലെ സ.ഉ.(സാധാ)3966/2023/റവ. നമ്പർ ഉത്തരവ്
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12/1/2024, 22/1/2024 എന്നീ തീയതികളിലെ LR/13820/2023-LR(J7)നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മേൽ പരാമർശിത (2) റിപ്പോർട്ട് പ്രകാരം വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും, അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം "തരിശ്" "സർക്കാർ" എന്നിവയിൽ ഉൾപ്പെടുന്നതും "വനം" എന്ന് ബി.ടി.ആർ-ന്റെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി കൈവശം വച്ചുവരുന്ന ആളുകൾക്ക് മേൽ പരാമർശിത (1), (3) എന്നീ ഉത്തരവുകൾ പ്രകാരം കോതമംഗലം താലൂക്കിൽ നാലായിരം പട്ടയമെങ്കിലും നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്രയധികം പേർക്ക് പട്ടയം നൽകുക എന്നത് അങ്ങേയറ്റം ശ്രമകരമായ ഒരു ദൗത്യമാണ്. ടി ജോലി കാര്യക്ഷമമായും, സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് ഒരു തഹസിൽദാരുടെ കീഴിൽ ഒരു പ്രത്യേക യൂണിറ്റ് രൂപീകരിക്കുന്നത് ഉചിതമാണെന്നും പുതിയ ഓഫീസിനു ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിന് മേൽ പരാമർശിത കത്ത് (4) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നം. | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| | | | പ്രതിമാസ ശമ്പളം |

| | | | |
|---|---|---|---|
| 1 | തഹസിൽദാർ | 01 | Total - 79100/- |
| 2 | ഡെപ്യൂട്ടി തഹസിൽദാർ / ജൂനിയർ സൂപ്രണ്ട് | 01 | Total - 68591/- |
| 3 | റവന്യൂ ഇൻസ്പെക്ടർ | 02 | Total - 51453 X 2 = 118876/- |
| 4 | ക്ലാർക്ക് /വി.എ | 06 | Total - 29945 X 6 = 179670/- |
| 5 | സർവ്വെയർ | 04 | Total - 50285 X 4 = 201140/- |
| 6 | ചെയിൻമാൻ (ദിവസ വേതനം) | 02 | Total - 16200 X 2 = 32400/- |
| 7 | ആഫീസ് അറ്റൻഡന്റ് | 01 | Total - 25990/- |

ആകെ വേതന തുക - 7,05,767/- (പ്രതിമാസം)

വാഹനത്തിന്റെ വാടക ഇനത്തിലെ തുക - 35,000/- (പ്രതിമാസം)

**ആകെ - 7,40,767/-**

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും കോതമംഗലം താലൂക്കിലെ പട്ടയ വിതരണത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത പ്രകാരം മേൽപ്രസ്താവിച്ച 17 തസ്തികകൾ ഒരു വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിച്ചുകൊണ്ട് ഒരു സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

ലാന്റ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ നിയമാനുസൃതമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (E(12707745) No.EXP-D1/52/2024-FIN dated 12.03.2024)
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നമ്പർ :2130)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
Date: 15-03-2024 10:58:53
സെക്ഷൻ ഓഫീസർ

പകർപ്പ് :- (1) റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
(2) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

സ.ഉ.(കൈ) നം.65/2024/RD